വിഷയം ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ധനകാര്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്കു നൽകുന്ന മെമ്മോറാണ്ടത്തിൽ ഈ ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലുള്ള എം.പി.മാർ സംയുക്തമായി ചെറുത്തുനില്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ വാഹനങ്ങൾക്കുള്ള ബാറ്ററി വാങ്ങിയതിൽ ഉണ്ടായ നഷ്ടം

32 (1855) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 3 വർഷമായി സംസ്ഥാനത്ത് സർക്കാർ വാഹനങ്ങൾക്ക് ബാറ്ററി വാങ്ങിയതിൽ അഴിമതിയും കോടിക്കണക്കിന് രൂപയുടെ നഷ്ടവുമുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ധനകാര്യവകുപ്പ് ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 'സെൽകോ' എന്ന കമ്പനിക്ക് ബാറ്ററി സപ്ലൈ ചെയ്യാനുള്ള ഉത്തരവ് നൽകുന്നതിനായി ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടേയും ധനകാര്യ മന്ത്രിയുടേയും അനുമതിയോടെയാണോ സെൽകോ ഇൻഡസ്ട്രീസിനു ബാറ്ററി സപ്ലൈ ചെയ്യാനുള്ള അനുവാദം നൽകിയത്;

(ഇ) 'സെൽകോ' യെക്കാൾ കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത കമ്പനികൾ ഏതെല്ലാം;

(എഫ്) അവയ്ക്ക് സപ്ലൈ ഓർഡർ നൽകാതിരിക്കാൻ എന്ത് കാരണങ്ങളാണ് സ്റ്റോഴ്സ് പർച്ചേഴ്സ് ഡിപ്പാർട്ടുമെന്റും ധനകാര്യവകുപ്പും ചൂണ്ടിക്കാണിച്ചിട്ടുള്ളത്;

(ജി) സപ്ലൈ ഓർഡർ നൽകിയത് ധനകാര്യമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും അംഗീകാരം ലഭ്യമായിരുന്നോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 97,98,99 വർഷങ്ങളിൽ സർക്കാർ വാഹനങ്ങൾക്കുള്ള ബാറ്ററികൾക്ക് റേറ്റ് കോൺട്രാക്ട് നൽകിയതിൽ ക്രമക്കേട് ഉണ്ടെന്ന മുൻ വർഷങ്ങളിൽ കോൺട്രാക്ട് കിട്ടിയിരുന്നവരും ഈ വർഷം കിട്ടാത്തതുമായ ചില സ്ഥാപനങ്ങളുടെ പരാതി സംബന്ധിച്ച് നോട്ടീസ് കേരള ലോകായുക്തയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് പ്രസ്തുത നോട്ടീസ് പരിശോധിച്ച് ലോകായുക്തയിൽ ഇത് സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(സി)-(ജി) ഇത് സംബന്ധമായ സർക്കാർ ഫയലുകൾ എല്ലാം കേരളാ ലോകായുക്തയിൽ സമർപ്പിച്ചിരിക്കുന്നതിനാൽ പ്രസ്തുത ഫയലുകൾ തിരികെ ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ കൃത്യമായ മറുപടി നൽകാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly